Page 1 of 2

പന്ത്രണ്ട് ആഴ്ചയ്ക്കുശേഷം എടുത്താൽ 78.79 ശതമാനം ഇമ്മ്യൂണിറ്റി ലഭിക്കും. ഭാരത് ബയോടെക്കിന്റെ ഫാക്ട്സ് ഷീറ്റ് പ്രകാരം രണ്ടാം ഡോസ് കോവാക്സിൻ 4 ആഴ്ച വ്യത്യാസത്തിൽ എടുത്താൽ 78% ശതമാനം ഇമ്മ്യൂണിറ്റി ലഭിക്കും.

(ഡി) 45 വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് ഒന്നാം ഡോസ് വാക്സിൻ നൽകാനും ഒന്നാം ഡോസ് വാക്സിൻ എടുത്തവർക്ക് രണ്ടാം ഡോസ് സമയബന്ധിതമായി ലഭ്യമാക്കുമെന്ന് ഉറപ്പുവരുത്താനും ആവശ്യമായ ഇടപെടലുകൾ നടത്തുമോ?

നടപടികൾ സ്വീകരിച്ചുവരുന്നു.

വയനാട് ജില്ലയിലെ കോവിഡ് പ്രതിരോധ പ്രവർത്തനം

214 (226) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി വയനാട് ജില്ലയിലെ വിവിധ ആശുപത്രികളിൽ ഒരുക്കിയിട്ടുള്ള സജ്ജീകരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

വയനാട്ടിൽ കോവിഡ് ബാധ റിപ്പോർട്ട് ചെയ്യുന്നതിനുമുമ്പ് ജില്ലാ ആശുപത്രിയായിരുന്ന വയനാട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ 6 വെന്റിലേറ്ററുകളും 10 ഐ.സി.യു. ബെഡ്ഡുകളും മാത്രമാണ് ഉണ്ടായിരുന്നത്. 31-5-2021-ലെ കണക്ക് പ്രകാരം മാനന്തവാടിയിൽ 46 വെന്റിലേറ്ററുകളും 31 ഐ.സി.യു. ബെഡ്ഡുകളുമുണ്ട്. 280 ലിറ്റർ/മിനുട്ട് ശേഷിയുള്ള ഓക്സിജൻ ജനറേറ്റർ പ്ലാന്റ് സ്ഥാപിച്ചു. പുതിയ നഴ്സിംഗ് സ്റ്റഡി കെട്ടിടത്തിലും ഹോസ്പിറ്റൽ ബ്ലോക്കിലുമായി 257 ഓക്സിജൻ പോർട്ട് ബെഡ്ഡുകൾ സജ്ജീകരിച്ചു. സ്ത്രീകളുടെയും കുട്ടികളുടെയും ബ്ലോക്ക് "ലക്ഷ്യ" സ്റ്റാൻഡേർഡിലേയ്ക്ക് ഉയർത്തി. 16 ഡി ടൈപ്പ് ഓക്സിജൻ സിലിണ്ടറുകൾ ഉള്ളത് 325-ഉം 102 ബി ടൈപ്പ് സിലിണ്ടറുകൾ ഉള്ളത് 227-ഉം ആയി. വെന്റിലേറ്റർ സൗകര്യത്തോടുകൂടിയ ഒരു ഐ.സി.യു. ആംബുലൻസ് സജ്ജമാക്കി. കോവിഡ് രോഗികൾക്കുവേണ്ടി അനുബന്ധ ഉപകരണങ്ങളോടുകൂടി 272 ബെഡ്ഡുകൾ സജ്ജമാക്കിയിട്ടുണ്ട്. 1500 ലിറ്റർ/മിനിട്ട് ശേഷിയുള്ള ഓക്സിജൻ ജനറേറ്റർ പ്ലാന്റിന് നിലവിൽ സർക്കാർ അനുമതി ലഭ്യമായിട്ടുണ്ട്. കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിലെ വിദഗ്ധ ഡോക്ടർമാരുമായി സംവദിക്കാൻ ടെലി ഐ.സി.യു. സംവിധാനം ഏർപ്പെടുത്തി. നിലവിൽ ജില്ലയിലെ കോവിഡ് ആശുപത്രികളിൽ ആകെ 774-ഉം സി.എഫ്.എൽ.ടി.സി./സി.എസ്.എൽ.ടി.സി.-കളിൽ 52-ഉം ഓക്സിജൻ സിലിണ്ടറുകൾ സ്റ്റോക്കുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വയനാട് ജില്ലയിലെ ഏതെല്ലാം ആശുപത്രികളിലാണ് ഓക്സിജൻ പ്ലാന്റ് സ്ഥാപിച്ചിട്ടുള്ളതെന്നും അതിലേയ്ക്കായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

മാനന്തവാടി ജില്ലാ ആശുപത്രിയിൽ ഓക്സിജൻ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. ഇതിനായി 7,83,80,000(ഏഴു കോടി എൺപത്തി മൂന്ന് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

(സി) നിലവിൽ പ്രതിദിനം എത്ര അളവ് ഓക്സിജൻ വയനാട് ജില്ലയിൽ ഉൽപ്പാദിപ്പിക്കാൻ കഴിയുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഒരു മിനിട്ടിൽ 280 ലിറ്റർ ഓക്സിജൻ ഉൽപ്പാദിപ്പിക്കാൻ കഴിയും.

പൾസ് ഓക്സീമീറ്ററുകളുടെ ക്ഷാമം

215 (227) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൾസ് ഓക്സീമീറ്ററുകൾക്ക് സംസ്ഥാനത്ത് ക്ഷാമം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിനും പൾസ് ഓക്സീമീറ്ററിന് അമിത വില ഈടാക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം ഇടപെടലുകളാണ് ഇതിനകം നടത്തിയതെന്നും വ്യക്തമാക്കുമോ?

കോവിഡ്-19-ന്റെ രണ്ടാം തരംഗത്തെത്തുടർന്ന് ചികിത്സാ മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തിയതിന്റെ അടിസ്ഥാനത്തിൽ വീടുകളിൽ ക്വാറന്റൈനിൽ കഴിയുന്ന കോവിഡ് പോസിറ്റീവ് രോഗികളിൽ Oxygen Saturation-ന്റെ അളവ് നിരീക്ഷിക്കണമെന്ന് നിർദ്ദേശമുണ്ട്. ഇവയുടെ ആവശ്യാനുസരണമുള്ള ലഭ്യത ഉറപ്പാക്കുന്നതിലേയ്ക്കായി മൊത്തവ്യാപാരികൾ നിർമ്മാതാക്കളിൽനിന്ന് സ്റ്റോക്ക് ലഭ്യമാക്കി വിതരണം നടത്തിവരുന്നുണ്ട്. സംസ്ഥാന സർക്കാർ ഇവയെ അവശ്യ വസ്തുക്കളുടെ പട്ടികയിൽ ഉൾപ്പെടുത്തി, ഇവയുടെ സവിശേഷതയും പരമാവധി ചില്ലറ വിൽപ്പന വിലയും നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ പൾസ് ഓക്സീമീറ്ററുകൾ മെഡിക്കൽ ഡിവൈസസിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുന്നതിനാൽ മെഡിക്കൽ ഡിവൈസ് റൂൾസ് 2017 പ്രകാരമുള്ള എല്ലാ ലേബലിംഗ് മാനദണ്ഡങ്ങളും പാലിച്ചാണോ ഇവ വിതരണം/വിൽപ്പന ചെയ്യുന്നതെന്ന് ഉറപ്പാക്കുന്നതിന് ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥർ ഇവയുടെ വിൽപ്പന സംബന്ധിച്ച് നിരന്തര പരിശോധന സംസ്ഥാനത്തുടനീളം നടത്തുകയും നിയമത്തിൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള ലേബലിംഗ് മാനദണ്ഡങ്ങളില്ലാത്തവയുടെ വിൽപ്പന തടയുകയും ചെയ്തിട്ടുണ്ട്. നിലവിൽ പൾസ് ഓക്സീമീറ്ററിന് ദൗർലഭ്യം ഇല്ലെന്നും കാണുന്നു. വിവിധ കമ്പനികളുടെ പൾസ്

LIBRARY ARCHIVES Kerala Legislative Assembly